പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. **435** 21.03.2018 ൽ മറുപടിയ്ക്ക്

## തടവുകാരിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. ബാബു<br>ശ്രീ. കെ.ജെ. മാക്സി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തടവുകാരിൽ കുറ്റവാസന ഇല്ലാതാക്കി മാനുഷിക മൂല്യങ്ങൾ വളർത്തിയെടുത്ത് പൊതുസമൂഹത്തിൽ ജീവിക്കാൻ പ്രാപ്തമാക്കുന്ന രീതിയിൽ ജയിലുകളിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) | അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും തദ്വാര സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനും സാധിക്കുന്നതിനുള്ള വിവിധ തൊഴിൽ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. അപ്രകാരം ജയിലുകളിൽ നിന്നും വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ച തടവുകാർക്ക് ജയിൽ മോചനത്തിനുശേഷം ടി തൊഴിലുകളെ ആശ്രയിച്ച് വരുമാനം കണ്ടെത്താവുന്നതാണ്. അതുവഴി അവരുടെ സമൂഹത്തിലുള്ള പുനരധിവാസം എളുപ്പത്തിലാക്കുന്നതിന് സഹായകരമാകുന്നു. തൊഴിൽ പരിശീലന പരിപാടികൾ കൂടാതെ തടവുകാരുടെ മനഃപരിവർത്തനത്തിനായി ബോധവത്കരണം നടത്തി വരുന്നു. സമൂഹത്തോടൊപ്പം ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ശിക്ഷാ തടവുകാർക്ക് അവരുടെ |

| | | | |
|---|---|---|---|
| | | | കുടുംബവും സമൂഹവുമായി നല്ല ബന്ധം നിലനിർത്തുന്നതിന് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് വിവിധ തരത്തിലുള്ള പരോളുകൾ നൽകി വരുന്നുണ്ട്. |
| (ബി) | സ്വഭാവ പരിവർത്തനത്തിനും പുറത്തിറങ്ങുമ്പോൾ പുനരധിവാസം സാധ്യമാക്കുന്നതിനുമായി നൽകിവരുന്ന തൊഴിൽ പരിശീലനങ്ങൾ എന്തെല്ലാമെന്നും അതെങ്ങനെയെന്നും വിശദമാക്കാമോ ; | (ബി) | സ്വഭാവ പരിവർത്തനത്തിനും പുറത്തിറങ്ങുമ്പോൾ പുനരധിവാസം സാധ്യമാക്കുന്നതിനുമായി തടവുകാർക്ക് നൽകി വരുന്ന തൊഴിൽ പരിശീലനങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതി പ്രകാരം പ്രസ്തുത പരിശീലന പരിപാടികൾ ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തെ ജയിലുകളിൽ ആകെ എത്ര പേരെ പാർപ്പിക്കുന്നതിന് സൗകര്യമുണ്ടെന്നും നിലവിൽ എത്ര പേരുണ്ടെന്നും അറിയിക്കാമോ ; | (സി) | സംസ്ഥാനത്തെ ജയിലുകളിൽ ആകെ 6217 പേരെ പാർപ്പിക്കുന്നതിന് സൗകര്യമുണ്ട്. നിലവിൽ ആകെ 8028 തടവുകാർ ഉണ്ട്. |
| (ഡി) | ഈ സാഹചര്യത്തിൽ ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ജയിലുകളുടെ നവീകരണത്തിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ ? | (ഡി) | ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആകെയുള്ള 53 ജയിലുകളിൽ ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം വനിതാ തുറന്ന ജയിൽ എന്നിവ ഒഴികെയുള്ള എല്ലാ ജയിലുകളിലും സി.സി.റ്റി.വി. നിരീക്ഷണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ ഉണ്ട്. ജയിൽ ചാട്ടം തടയുന്നതിന് തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ വൈദ്യുത വേലി സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും 3 സെൻട്രൽ |

| | | | |
|---|---|---|---|
| | | | ജയിലുകളിൽ TETRA communication system എന്ന പേരിലുള്ള അത്യാധുനിക വയർലസ് കമ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കുന്ന പദ്ധതിയും പുരോഗമിച്ചുവരുന്നു.<br>വിവിധ ജയിലുകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ആലപ്പുഴ, പത്തനംതിട്ട ജില്ലാ ജയിലുകളിൽ പുതിയ കെട്ടിട നിർമ്മാണം<br>2) എറണാകുളം ജില്ലാ ജയിൽ, വിയ്യൂർ ജില്ലാ ജയിൽ, ചാവക്കാട് സബ് ജയിൽ, കണ്ണൂർ സ്പെഷ്യൽ സബ് ജയിൽ, മൂവാറ്റുപുഴ സ്പെഷ്യൽ സബ് ജയിൽ എന്നിവിടങ്ങളിൽ അടുക്കള നവീകരണം.<br>3) ദേവികുളം സ്പെഷ്യൽ സബ് ജയിലിന്റെ സംരക്ഷണ ഭിത്തിയുടെ നവീകരണം<br>4) തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ പ്രാർത്ഥനാ ഹാളുകൾ നിർമ്മാണം<br>5) 3 സെൻട്രൽ ജയിലുകളിലും കുടിവെള്ള ശുദ്ധീകരണത്തിനായി RO പ്ലാന്റ് സ്ഥാപിക്കൽ<br>6) സെൻട്രൽ ജയിലുകളിൽ പവർ ലോൺട്രി സ്ഥാപിക്കൽ<br>വിവിധ ജയിലുകളിൽ 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു<br>1) ചീമേനി തുറന്ന ജയിലിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം, ബാരക്ക് നിർമ്മാണം |

| | | | |
|---|---|---|---|
| | | | 2) മാനന്തവാടി, കോഴിക്കോട് ജില്ലാ ജയിലുകളിൽ ക്വാർട്ടേഴ്സ് നിർമ്മാണം.<br>3) വിയ്യൂർ സെൻട്രൽ ജയിലിൽ മൾട്ടി പർപ്പസ് ആഡിറ്റോറിയം നിർമ്മാണം,<br>4) വിവിധ ജയിലുകളുടെ അറ്റകുറ്റപ്പണികൾ<br>5) വിവിധ ജയിലുകളിൽ അടുക്കള നവീകരണം,<br>6) സി.സി.ടി. വി. സംവിധാനം, പബ്ലിക് അഡ്രസ് സിസ്റ്റം, പവർ ലോണ്ട്രി, ഇന്റർവ്യൂ ഹാൾ നിർമ്മാണം. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, ഹെയർ കട്ടിംഗ് സലൂൺ & ബ്യൂട്ടി പാർലർ, ഫ്ലവർ വെയ്സ് / ക്യാരി ബാഗ് / പേപ്പർ ബാഗ് നിർമ്മാണം,സ്ക്രീൻ പ്രിന്റിംഗ്, ഫയൽ ബോർഡ് / റൈറ്റിംഗ് ബോർഡ് / ഫോൾഡിംഗ് ഫയൽ നിർമ്മാണം, ഇലക്ട്രീഷ്യൻ കോഴ്സ് പരിശീലനം, നെറ്റിപ്പട്ട നിർമ്മാണം, സീഡ് & നേഴ്സറി യൂണിറ്റ്, വയർമാൻ കോഴ്സ്, ഇലക്ട്രിക് വയറിംഗ് കോഴ്സ്, കമ്പ്യൂട്ടർ ഹാർഡ് വെയർ & മെയ്ന്റനൻസ് കോഴ്സ്, പംമ്പിംഗ്, കുട നിർമ്മാണ പരിശീലനം, ജൈവ കൃഷി, തയ്യൽ പരിശീലനം, പേപ്പർ കവർ / മെഴുക് തിരി / ചന്ദന തിരി / സോപ്പ് നിർമ്മാണം, ടയർ പഞ്ചർ യൂണിറ്റ്, ആധുനിക ബ്യൂട്ടി പാർലർ, യന്ത്രം ഉപയോഗിച്ചുള്ള തെങ്ങുകയറ്റ പരിശീലനം, വാഹനങ്ങളുടെ റിപ്പയറിംഗ്, എൽ.ഇ.ഡി ബൾബ് നിർമ്മാണം, ജൈവ വള / കീടനാശിനി നിർമ്മാണം, ടെലിവിഷൻ മെക്കാനിസം, തടി കളിപ്പാട്ട നിർമ്മാണം, മൃദു പാവ നിർമ്മാണം, ബേക്കറി യൂണിറ്റ്, ഓഫീസ് ഓട്ടോമേഷൻ, പാചക പരിശീലനം, ഫാഷൻ ഡിസൈനിംഗ്, മൊബൈൽ ഫോൺ റിപ്പയറിംഗ്, ഡി.റ്റി.പി. പരിശീലനം, വെൽഡിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, ചെണ്ടമേളം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പൂച്ചട്ടി നിർമ്മാണം, ഫിനോയിൽ / സോപ്പ് പൊടി നിർമ്മാണം, ഫർണിച്ചർ നിർമ്മാണം, കൂൺ കൃഷി, അച്ചാർ / സ്ക്വാഷ് നിർമ്മാണം, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ലൈബ്രറി സയൻസ്, യോഗ & മെഡിറ്റേഷൻ, നഴ്സറി ടീച്ചർ ട്രെയിനിംഗ്, ഫോട്ടോഗ്രാഫി, ടൂവീലർ മെക്കാനിസം, ഫാബ്രിക്ക് & ഗ്ലാസ് പെയിന്റിംഗ്, സോളാർ എനർജി & സോളാർ മെയ്ന്റൻസ് സർവ്വീസ്, വീഡിയോ എഡിറ്റിംഗ്, റഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്, ചോക്ക് നിർമ്മാണം, കോഴിവളർത്തൽ, പഞ്ചകർമ്മ തെറാപ്പി കോഴ്സ്, ഷോർട്ട് ഫിലിം / ഡോക്യുമെന്ററി പ്രൊഡക്ഷൻ, വെർമി കമ്പോസ്റ്റ്, ജീവാമൃതം നിർമ്മാണം, ചെങ്കല്ല് വെട്ട് ട്രെയിനിംഗ്, കുഷ്യൻ മേക്കിംഗ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, എണ്ണ പലഹാര നിർമ്മാണം, പപ്പട നിർമ്മാണം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ